**കേരള സർക്കാർ**

**(സംഗ്രഹം)**

പൊതുവിദ്യാഭ്യാസ വകുപ്പ് - സർക്കാർ വിദ്യാലയങ്ങളിലെ പി.റ്റി.എ നിയന്ത്രണത്തിലുള്ള പ്രീപ്രൈമറി അധ്യാപകർക്ക് ഓണറേറിയം വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (പി) വകുപ്പ്**

സ.ഉ.(സാധാ) നം. 1058/2018/പൊ.വി.വ　　　　തീയതി, തിരുവനന്തപുരം 13/03/2018

പരാമർശം:- 1. സ.ഉ (സാധാ) നം. 2453/88/പൊ.വി.വ തീയതി 05/07/1988
2. സ.ഉ(എം.എസ്) 385/12/പൊ.വി.വ തീയതി 07/12/2012
3. സ.ഉ (എം.എസ്) 146/13/പൊ.വി.വ തീയതി 25/04/2013
4. സ.ഉ (എം.എസ്) 137/14/പൊ.വി.വ തീയതി 18/07/2014
5. സ.ഉ (എം.എസ്) 104/16/പൊ.വി.വ തീയതി 18/06/2016
6. സ.ഉ (സാധാ) നം. 840/2017/പൊ.വി.വ തീയതി 25/03/2017
7. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 24/10/2017-ലെ എൻ.എസ് (4) 18054/2017/ഡി.പി.ഐ നമ്പർ കത്ത്.

**ഉത്തരവ്**

പരാമർശം 6-ലെ ഉത്തരവ് പ്രകാരം സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ കളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി ക്ലാസുകളിലെ അദ്ധ്യാപകർക്ക് നൽകിവന്നിരുന്ന ഓണറേറിയം 2016 ജൂലൈ മാസം മുതൽ 9500/- രൂപയായി വർദ്ധിപ്പിച്ച് ഉത്തരവായിരുന്നു.

2. 2017-18 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് പ്രസംഗത്തിൽ സർക്കാർ വിദ്യാലയങ്ങളിലെ പി.റ്റി.എ നിയന്ത്രണത്തിലുള്ള പ്രീപ്രൈമറി അദ്ധ്യാപകർക്ക് പ്രതിമാസം 500/- രൂപ അധിക ഓണറേറിയം പ്രഖ്യാപിച്ചിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിനുശേഷം, സർക്കാർ സ്കൂളുകളോടനുബന്ധിച്ച് പി.റ്റി.എ കളുടെ കീഴിൽ പ്രവർത്തിക്കുന്ന പ്രീപ്രൈമറി ക്ലാസുകളിലെ അദ്ധ്യാപകർക്ക് നൽകിവരുന്ന ഓണറേറിയത്തിൽ 2017 ഏപ്രിൽ മാസം മുതൽ 500 രൂപ വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

4. 2202-01-102-93-നോൺ പ്ലാൻ ശീർഷകത്തിലെ തുക മുഴുവൻ ചെലവഴിച്ച ശേഷം അധിക സാമ്പത്തിക ബാദ്ധ്യത പട്ടിക സഹിതം അധിക തുകയ്ക്കുള്ള ശിപാർശ പൊതുവിദ്യാഭ്യാസ ഡയറക്ടർ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**പി.എസ്.കൃഷ്ണകുമാർ**

**അഡീഷണൽ സെക്രട്ടറി**

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

എല്ലാ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർക്കും } പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന

എല്ലാ ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും }

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (ഇ-644825/എഡ്യൂ എ 2/223/2017 ധന തീയതി 25/01/2018 പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ